## ഗ്രാമ ന്യായാലയ തേങ്കുറിശ്ശി, പാലക്കാട്

ഹാജർ :-ശ്രീമതി. ധനുജ വെട്ടത്ത് (BA, LLB ), ന്യായാധികാരി.

2025 ഒക്ടോബർ മാസം 21 -ആം തിയ്യതി

**CMP 180/2025**

| | | |
|---|---|---|
| ഹർജിക്കാരൻ | : | മുജീബ്, 38/19 വയസ്സ്, ഏനു മകൻ, വട്ടപ്പറമ്പിൽ വീട്, മലേശമംഗലം, തിരുവില്വാമല, തൃശ്ശൂർ |
| എതിർകക്ഷി | : | സ്റ്റേറ്റിനെ പ്രതിനിധികരിച്ച് സ്റ്റേഷൻ ഹൗസ് ഓഫീസർ, കോട്ടായി പോലീസ് സ്റ്റേഷൻ. |
| ഉത്തരവ് | : | അനുവദിച്ചു |

ഇന്നേദിവസം തുറന്ന കോടതിയിൽ അവസാനവാദം കേട്ട ഈ ക്രിമിനൽ പലവക അപേക്ഷയിൽ താഴെ പറയുന്ന ഉത്തരവ് തുറന്ന കോടതിയിൽ പ്രസ്താവിച്ചിരിക്കുന്നു.

1. ഭാരതീയ നാഗരിക സുരക്ഷാ സംഹിതയുടെ 228-ആം വകുപ്പ് പ്രകാരം കേസിലെ പ്രതി ടിയാനെ കോടതിയിൽ ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ബോധിപ്പിച്ച ഹർജി ആണിത്.
2. ഈ കേസിൽ പ്രതിക്കെതിരെ ഐ.പി.സി.യുടെ 279, 338 വകുപ്പുകൾ പ്രകാരമാണ് കുറ്റം ചുമത്തപ്പെട്ടിട്ടുള്ളത്.
3. ഹർജിക്കാരൻ തടി മില്ലിൽ ജോലി ചെയ്യുകയാണെന്നും ജോലിക്കിടെ ടിയാന്റെ കൈവിരലുകൾ തടി മുറിക്കുന്ന യന്ത്രത്തിന്റെ ഇടയിൽപ്പെട്ട് ടിയാന്റെ 7 വിരലുകൾ മുറിഞ്ഞു പോയിട്ടുള്ളതാണെന്നും ആയതിന്റെ ഭാഗമായി ടിയാൻ നിരവധി ശസ്ത്രക്രിയകൾക്ക് വിധേയനായി എന്നും ഹർജിക്കാരന് ഡോക്ടർമാർ പൂർണവിശ്രമം പറഞ്ഞിട്ടുള്ളതാണെന്നും ആയതിനാൽ ടിയാന് കോടതി നടപടികളിൽ ഹാജരാക്കുന്നതിന് യാത്ര ചെയ്യാൻ ബുദ്ധിമുട്ടുള്ളതും ടിയാന് ഒപ്പിടാൻ പോലും കഴിയാത്തതുമാണ്. മേൽ സാഹചര്യത്തിൽ ടിയാന് കോടതി നടപടികളിൽ നിരന്തരം ഹാജരാക്കുന്നതിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഒരു ഉത്തരവ് ലഭിക്കണമെന്നും ടിയാന്റെ അഭിഭാഷകൻ മുഖേന ഭാരതീയ നാഗരിക സുരക്ഷാ സംഹിതയുടെ 351 -ആം വകുപ്പ് പ്രകാരം ചോദ്യം ചെയ്യുന്നത് ഉൾപ്പെടെയുള്ള

കാര്യങ്ങളിൽ പ്രതിധാനം ചെയ്യാൻ അനുമതി നൽകണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നു.

4. വിചാരണയുടെ സമയത്ത് പ്രതിയുടെ തിരിച്ചറിയൽ തർക്കിക്കില്ലെന്ന ഉറപ്പ് ഹർജിക്കാരൻ നൽകുകയും ചെയ്യുന്നു. ഭാരതീയ നാഗരിക സുരക്ഷാ സംഹിതയുടെ 351 -ആം വകുപ്പ് പ്രകാരമുള്ള വിചാരണ അഭിഭാഷകനിലൂടെ നടത്തുന്നത് ടിയാനെ യാതൊരു വിധത്തിലും ദോഷം ചെയ്യുകയില്ലായെന്ന് ഹർജിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഹർജിക്കാരൻ സ്ഥിരമായി ഹാജരാകേണ്ടതിൽ നിന്ന് ഒഴിവാക്കണമെന്നാണ് ഹർജി.

5. ഹർജിയുടെ പകർപ്പ് ആദരണീയയായ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർക്ക് നൽകി. ടിയാരി ഹർജിയിൽ ആക്ഷേപം സമർപ്പിച്ചു. പ്രതിക്ക് കോടതി നടപടിയിൽ നിന്ന് മാറി നിൽക്കാൻ അവസരം നൽകിയാൽ കേസ് 2019 മുതൽ വിചാരണയിൽ ഇരിക്കുന്നതിനാൽ എതിർകക്ഷിക്ക് നീതി ലഭിക്കാതെ നീണ്ടുപോകും എന്നാണ് പ്രോസിക്യൂഷൻ വാദിച്ചത്.

6. ഹർജിക്കാരന്റെ അഭിഭാഷകനേയും അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറേയും കേട്ടു.

7. രേഖകൾ പരിശോധിച്ചതിൽ കേസിൽ പ്രതിക്കെതിരെ ആരോപിക്കുന്ന കുറ്റങ്ങൾ 279, 338 ഐപിസി പ്രകാരമുള്ളതാണ്. ഹർജിയോടൊപ്പം സമർപ്പിച്ച സത്യവാങ്മൂലത്തിൽ നിന്നും പ്രതിക്ക് അപകടത്തിൽ പരുക്ക് പറ്റി വിരലുകൾ മുറിഞ്ഞു പോയിട്ടുള്ളതായി വ്യക്തമായിട്ടുള്ളതും ടിയാന് യാത്ര ചെയ്യാനും മറ്റും ഡോക്ടർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതായും കാണാൻ കഴിയും. ഈ സാഹചര്യത്തിൽ വിചാരണയ്ക്കിടയിൽ ഹർജിക്കാരന്റെ വ്യക്തിപരമായ ഹാജർ നിർബന്ധമാക്കേണ്ടതായി ഈ കോടതിക്ക് തോന്നുന്നില്ല കാരണം അത് അദ്ദേഹത്തിൻറെ ആരോഗ്യത്തെയും ജീവനയും തന്നെ ബാധിച്ചേക്കാം. മാത്രവുമല്ല പ്രതിയുടെ ഹരിജിയിലും അഫിഡവിറ്റിലുമുള്ള പ്രസ്താവനകൾ സത്യസന്ധമായവയാണെന്ന് കോടതി തൃപ്തരാകുന്നപക്ഷത്തിൽ, പ്രതിയെ അഭിഭാഷകൻ മുഖേന ഹാജരാവാൻ അനുവദിക്കാവുന്നതാണ്.

8. ഈ സാഹചര്യത്തിൽ ഭാരതീയ നാഗരിക സുരക്ഷാ സംഹിതയുടെ 228 – ആം വകുപ്പ പ്രകാരമുള്ള അധികാരം ഉപയോഗിക്കുന്നത് ഈ കോടതിക്ക് യുക്തവും അനുയോജ്യവുമായി കാണുന്നു. അതിനാൽ നീതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനായി, മൂന്നാം പ്രതിയുടെ വ്യക്തിപരമായ ഹാജർ മതിയായ വ്യവസ്ഥകൾ ഏർപ്പെടുത്തി ഒഴിവാക്കാവുന്നതാണ് എന്നതാണ് കോടതിയുടെ അഭിപ്രായം.

9. ഹർജി അനുവദിച്ചുത്തരവാകുന്നു.

10. ഹർജിക്കാരനായ പ്രതിയെ ഈ കോടതിയിൽ എല്ലാ അഡ്ജേൺമെന്റ് തീയതികളിലും വ്യക്തിപരമായി ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കിയതായി ഉത്തരവാകുന്നു. കൂടാതെ താഴെപ്പറയുന്ന വ്യവസ്ഥകളോട് കൂടിയാണ് അദ്ദേഹത്തിന്റെ അഭിഭാഷകനു ടിയാനെ പ്രതിനിധീകരിക്കാനനുമതി നൽകുന്നത്:

    1) വിചാരണയുടെ സമയത്ത് ഹർജിക്കാരൻ തന്നെ ഈ കേസിലെ പ്രതിയല്ലെന്ന് തർക്കിക്കില്ലെന്നും, അദ്ദേഹത്തെ പ്രതിനിധീകരിക്കുന്നതിനായി അനുമതി ലഭിച്ചിരിക്കുന്ന അഭിഭാഷകൻ ഓരോ ഹർജിക്കാലത്തിലും കോടതിയിൽ ഹാജരാകുമെന്നും, ഹർജിക്കാരന്റെ അഭാവത്തിൽ തെളിവുകൾ രേഖപ്പെടുത്തുന്നതിനെതിരേ വിരോധമില്ലെന്നും ഉറപ്പുവരുത്തണം.

    2) ഈ കോടതി ആവശ്യപ്പെടുന്ന സമയങ്ങളിൽ ഹർജിക്കാരൻ വ്യക്തിപരമായി കോടതിയിൽ ഹാജരാകേണ്ടതാണ്.

    3) ഹർജിക്കാരനെ പ്രതിനിധീകരിക്കുന്ന അഭിഭാഷകൻ ഓരോ അഡ്ജേൺമെന്റ് തിയതിയിലും കോടതിയിൽ ഹാജരാകുന്നതിൽ വീഴ്ച വരുത്തിയാൽ, ഭാരതീയ നാഗരിക സുരക്ഷാ സംഹിതയുടെ 228-ആം വകുപ്പ് പ്രകാരമുള്ള അധികാരം ഉപയോഗിച്ച് ഈ കോടതിക്ക് ഹർജിക്കാരനെ വ്യക്തിപരമായി ഹാജരാകാൻ നിർദേശിക്കാൻ അധികാരമുണ്ടെന്നത് വ്യക്തമാക്കുന്നു.

    4) പ്രതിയെ ഭാരതീയ നാഗരിക സുരക്ഷാ സംഹിതയുടെ 351-ആം വകുപ്പ് പ്രകാരം ചോദ്യം ചെയ്യുന്നതിന് പകരം പ്രതിയുടെ അഭിഭാഷകന് ചോദ്യാവലി നൽകി ഉത്തരം

നൽകാൻ അനുവദിച്ചിരിക്കുന്നു. ആയതിനുള്ള നടപടി ക്രിമങ്ങൾ അതത് സമയത്ത് എടുക്കാവുന്നതാണ്.

(ഞാൻ പറഞ്ഞുകൊടുത്ത പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് എഴുതിയെടുത്ത് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് ഞാൻ തിരുത്തി ഇന്ന് 2025 ഒക്ടോബർ മാസം 21-ആം തിയതി തയ്യാറാക്കി തുറന്ന കോടതിയിൽ വിധി പ്രസ്താവിച്ചിരിക്കുന്നു)

Sd/-
ധനുജ വെട്ടത്ത്
ന്യായാധികാരി,
ഗ്രാമ ന്യായാലയ, തേങ്കുറിശ്ശി

//True Copy//

ധനുജ വെട്ടത്ത്
ന്യായാധികാരി,
ഗ്രാമ ന്യായാലയ, തേങ്കുറിശ്ശി.